**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3676** **26-10-2021 - ൽ മറുപടിയ്ക്ക്**

**നടുവണ്ണൂർ വോളീബോൾ അക്കാദമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | **Shri.V. Abdurahiman**<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | നടുവണ്ണൂർ വോളീബോൾ അക്കാദമിയിൽ വിദ്യാർത്ഥികൾക്ക് താമസിച്ച് പരിശീലനം നടത്തുന്നതിനായി ഫർണീച്ചറുകൾ ഉൾപ്പെടെ അനുബന്ധമായി എന്തെല്ലാം സൗകര്യങ്ങളാണ് ലഭ്യമാക്കേണ്ടത്; ഇതുസംബന്ധിച്ച പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ? | (എ) | നടുവണ്ണൂർ വോളീബോൾ അക്കാദമിയിൽ കായികതാരങ്ങൾക്ക് പരിശീലനത്തിനു വേണ്ട സ്പോർട്സ് ഉപകരണങ്ങൾ, പഠനത്തിനും താമസത്തിനും വേണ്ട ഫർണിച്ചറുകൾ, ടെലിവിഷൻ, ന്യൂസ് പേപ്പർ, ഡൈനിംഗ് ഹാളിലേക്ക് വേണ്ട സാധന സാമഗ്രികൾ, അടുക്കള സാധനങ്ങൾ, ശുചീകരണ സാമഗ്രികൾ, ഓഫീസ് സജ്ജീകരിക്കുന്നതിന് വേണ്ട സാധന സാമഗ്രികൾ എന്നിവയോടൊപ്പം പരിശീലകർ, കുക്ക്, വാർഡൻ മറ്റ് ജീവനക്കാർ എന്നിവർക്ക് താമസിക്കുന്നതിന് വേണ്ട സൗകര്യം ഒരുക്കുക എന്നിവ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇത് സംബന്ധിച്ച പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. കായികയുവജനകാര്യ ഡയറക്ടറേറ്റിന്റെ കീഴിലുള്ള സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന, ഏകദേശം 100 പേർക്ക് വരെ പരിശീലനം നൽകാൻ കഴിയുന്ന തരത്തിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടത്തിന്റെയും, കളിക്കളത്തിന്റെയും നിർമ്മാണപ്രവർത്തനം അവസാനഘട്ടത്തിലാണ്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ